# Deepika

# 30 August 2018

# Thirssur;  flood, Flood Disaster



## ഡാമുകളിലും പുഴകളിലും എത്തിയ മണ്ണും കല്ലും ഭീഷണി

ഫ്രാങ്കോ ലൂയിസ്

തൃശൂർ: പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഡാമുകളിലും പുഴകളിലും മണ്ണും പാറക്കല്ലുകളും മണലും മരങ്ങളും നിറഞ്ഞു. ഇവ നീക്കം ചെയ്തില്ലെങ്കിൽ അണക്കെട്ടുകളുടെ സംഭരണ ശേഷിയും പുഴകളുടെ നീരൊഴുക്കും തടസപ്പെടും. മണ്ണും മണലും നിറഞ്ഞ പുഴകൾ അടുത്ത മഴക്കാലത്തും ദിശമാറി ഒഴുകാനും കാരണമാകും.

മുൻവർഷങ്ങളിലും അണക്കെട്ടുകളിൽ മണ്ണും മണലും നിറഞ്ഞിരുന്നു. എന്നാൽ ഇത്തവണ ഭീമമായ തോതിലാണ് മണ്ണും മണലും പാറക്കല്ലുകളും നിറഞ്ഞിരിക്കുന്നത്.

പെരിങ്ങൽക്കുത്ത് അടക്കമുള്ള പല ഡാമുകളിലും വൻ മരങ്ങൾ കടപുഴകി ഒഴുകിയെത്തിയിട്ടുണ്ട്. അണക്കെട്ടുകളിലെ മണലും മണ്ണും നീക്കം ചെയ്യാൻ വരുന്ന ചെലവ് കരാറുകാരിൽനിന്ന് ഈടാക്കാവുന്നതേയുള്ളൂ. പുഴകളിലും നിയന്ത്രിതമായി മണ്ണും മണലും നീക്കണം. പ്രളയശേഷം പല നദികളിലും മൺതിട്ടകൾ പ്രത്യക്ഷപ്പെട്ടു. നീരൊഴുക്കു തടസപ്പെടാത്ത വിധത്തിൽ മണ്ണ് പുഴയുടെ ഇരുവശത്തേക്കു കോരിയിടുകയും നിയന്ത്രിതമായി വിൽക്കുകയും ചെയ്തില്ലെങ്കിൽ പുഴകൾ ഇല്ലാതാകും. കഴിഞ്ഞയാഴ്ച നിറഞ്ഞൊഴുകിയ ഭാരതപ്പുഴയിൽ ഇപ്പോൾ മണൽപരപ്പും മണൽതിട്ടകളും ഉയർന്നുനിൽക്കുന്നതു കാണാം. മറ്റു പുഴകളിലും ഇതാണു സ്ഥിതി.

അണക്കെട്ടുകളിലെ മണൽ നീക്കം ചെയ്യാൻ നിർദേശം പത്തുവർഷം മുമ്പേ മന്ത്രി തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. സർക്കാരിനു വൻതുക ആദായമുണ്ടാക്കാമെന്ന പ്രതീക്ഷയിലായിരുന്നു അന്നത്തെ ശ്രമം. ഡാമിൽനിന്നു മണലിനേക്കാൾ ചെളി ഉറച്ച് പാറപോലെയായ മണ്ണാണു ലഭിച്ചത്. ആദായകരമല്ലെന്ന പേരിൽ കരാറുകാർ പിന്മാറിയതോടെ പദ്ധതി അവസാനിപ്പിച്ചു.